little KITEs


## ഗവ.ഡി വി എച്ച് എസ്സ് എസ്സ്,ചാരമംഗലം

# ഇ–തൂലിക

## ഡിജിറ്റൽ മാഗസീൻ




## 2019-20


“YOU WERE BORN WITH WINGS DON’T CRAWL; LEARN TO USE THEM TO FLY AND FLY”
APJ ABDUL KALAM

# ലിറ്റിൽ കൈറ്റ്സ്

# LK/2018/34013

# ഗവ. ഡി വി എച്ച് എസ്സ് എസ്സ്, ചാരമംഗലം

# ഡിജിറ്റൽ മാഗസീൻ

# 2019-20

# ആശംസകൾ

ഡിജിറ്റൽ കാലത്തിന് അനുയോജ്യമായ തരത്തിൽ ഒരു സാഹിത്യ- വൈജ്ഞാനിക ഡിജിറ്റൽ മാസിക തയ്യാറാക്കിയ എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും ആശംസകൾ..... അഭിനന്ദനങ്ങൾ

ചാരമംഗലം ബിന്ദു ആർ

**പ്രിൻസിപ്പാൾ**



# സന്ദേശം

ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ
ഗവ.ഡി വി എച്ച് എസ്സ് എസ്സ് ചാരമംഗലം സ്കൂളിൽ തയ്യാറാക്കുന്ന
" ഇ-തൂലിക"എന്ന ഡിജിറ്റൽ മാഗസിൻ രൂപപ്പെടുത്തുന്ന ഈ
അവസരത്തിൽ എല്ലാ വിധ ആശംസകളും നേരുന്നു.
പാഠപുസ്തകത്തിൽ ചിട്ടപ്പെടുത്തിയിരിക്കുന്ന കേവലമായ അറിവുകളുടെ
വിനിമയത്തിനപ്പുറം,വിവര വിനിമയ സാങ്കേതികരംഗത്തെ
വിവിധമേഖലകളിലുള്ള അടിസ്ഥാന നൈപുണികൾ ആർജ്ജിച്ച
അധ്യാപകന്റെയും വിദ്യാർത്ഥികളുടെയും സജീവവും സമ്പൂർണ്ണവുമായ
പങ്കാളിത്തത്തോടെയുള്ള ഇത്തരത്തിലുള്ള പ്രവർത്തനങ്ങളിലൂടെ
പുതിയകാലത്തിന്റെ പുതിയ പ്രതിഭകളെ വളർത്തിയെടുക്കാൻ ലിറ്റിൽ
കൈറ്റ്സിനു സാധിക്കും
ഈ ഡിജിറ്റൽ മാഗസിനിലേയ്ക്കു വിവിധ സൃഷ്ടികൾ നൽകിയവരെയും,
ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ,എഡിറ്റോറിയൽ ബോർഡ്,കൈറ്റ്
മാസ്റ്റർ,കൈറ്റ് മിസ്ട്രസ് എല്ലാവർക്കും എന്റെ അഭിനന്ദനങ്ങൾ




ചാരമംഗലം — ഗീതാ ദേവി റ്റി ജി
06-11-2019 — ഹെഡ്മിസ്ട്രസ്

ഗവ.ഡി വി എച്ച് എസ് എസ്,ചാരമംഗലം




## സന്ദേശം

നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ പുറത്തിറങ്ങുന്ന ഇ- തൂലിക എന്ന ഡിജിറ്റൽ മാഗസിന്റെ പിന്നിലും മുന്നിലും പ്രവർത്തിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും ഇതിലേയ്ക്ക് വിവിധ സൃഷ്ടികൾ നൽകിയവർക്കും വിജയാശംസകൾ നേരുന്നു.

**അക്ബർ**


**പി റ്റി എ, പ്രസിഡന്റ്**

# ഒരു വാക്ക്.....



സാങ്കേതിക വിദ്യായോടുള്ള  പുതിയ തലമുറയുടെ ആഭിമുഖ്യം ഗുണപരമായും സർഗാത്മകമായും പ്രയോജനപ്പെടുത്തുന്നതിനായി ആരംഭിച്ചിട്ടുള്ള കുട്ടികളുടെ ഐ .ടി.കൂട്ടായ്മയാണ്  ലിറ്റിൽ കൈറ്റ്സ്. ഇതിൽ  അംഗങ്ങളായവർക്ക് പരിശീലനകാലയളവിൽ വൈവിധ്യമാർന്ന പരിശീലനപ്രവർത്തനങ്ങളിലൂടെ കടന്നുപോകുന്നതിനുള്ള അവസരമാണ് ലഭിക്കുന്നത്. ഗ്രാഫിക്സ്,ആനിമേഷൻ,സ്ക്രാച്ച് പ്രോഗ്രാമിങ്,
മലയാളം കമ്പ്യൂട്ടിങും ഡെസ്ക് ടോപ്പ് പബ്ലിഷിങും,പൈത്തൺ പ്രോഗ്രാമിങ്,മൊബൈൽആപ്പ്,റോബോട്ടിക്സ്,എന്നിങ്ങനെ വിവിധ മേഖലകളിൽ പരിശീലനം ലഭ്യമായിവരുന്നു.
ആധുനിക വിവരവിനിമയ വിദ്യാസങ്കേതങ്ങളിൽ പ്രായോഗിക പരിശീലനം നൽകി മാറുന്നലോകത്തിന്റെ മാറ്റത്തിന്റെ വക്താക്കളാക്കുക എന്നതാണ് ലിറ്റിൽ കൈറ്റ്സിന്റെ ലക്ഷ്യം.
കേരളത്തിലെ പൊതു വിദ്യാലയങ്ങളിൽ നടക്കുന്ന വേറിട്ട പ്രവർത്തനങ്ങളിൽ മാതൃകാ പരമായ അക്കാദമിക്ക് പ്രവർത്തനങ്ങൾ കൊണ്ട് ശ്രദ്ധേയമായ സ്കൂൾ ആയ ഗവ.ഡി വി എച്ച് എസ് എസ് ചാരമംഗലത്തിലെ  ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ തയ്യറാക്കുന്ന" ഇ -തൂലിക " എന്ന  ഡിജിറ്റൽ മാഗസീൻ എല്ലാവർക്കുമായി സമർപ്പിക്കുന്നു

**അരുണിമ. എസ്, ചീഫ് എഡിറ്റർ,STD IX A**




# എഡിറ്റോറിയൽ ബോർഡ്



ഷാജി പി ജെ,കൈറ്റ് മാസ്റ്റർ



വിജു പ്രിയ വി എസ്, കൈറ്റ് മിസ്ട്രസ്



ഡോമിനിക്ക് സെബാസ്റ്റ്യൻ



സംഗീത് നാരായൺ



ആതിര എസ്



റിയ ആന്റണി



നന്ദിത രാജേഷ്




ജെഫിൻ ജോമോൻ



അലൻ ജേക്കബ് ജോർജ്ജ്

## പേജുകൾ മറിക്കുമ്പോൾ

സ്കൂൾ ചരിത്രം....9
മഹത് വചനങ്ങൾ....10
അറിയാമോ???....12
സ്നേഹ കനി....15
മണിയോഡറുകൾ....16
THOUGHTS OF ABDUL KALAM....17
മതത്തിനപ്പുറം....19
കാലവർഷത്തിന്റെ ഓർമ്മകൾ....20
WEBSITES FOR EDUCATION....25
അക്ഷരങ്ങൾ വാക്കുകൾ....26
മിണ്ടാച്ചെന്നായ്....28
എന്തുകൊണ്ട് ജീവിക്കുന്നു....29
The Blue Sky....35
ക◌്രിസ◌് വേൾഡ്....36
BODY ALSO SPEAKS....40
മാതൃ സ്നേഹം....41
ക്രിസ്തുമസ്....42
EMPATHY....44
അമ്മ മലയാളം....45
Self Confidence....46
ഇന്ത്യ....47
വെളിപാട്....50
അത്യാഗ്രഹിയായ മരുമക്കൾ....51
MOTHER....53
ചിത്രജാലകം....54



## സ്കൂൾ ചരിത്രം

ചാരമംഗലം എന്ന ഗ്രാമപ്രദേശത്തിന്റെ വികാസവും പരിവർത്തനവും ലക്ഷ്യമാക്കി 1917 ൽ കുറ്റവേലി ദേവസ്വം നൽകിയ സ്ഥലത്ത് ആരംഭിച്ച ഒരു എൽ.പി.സ്കൂൾ ആണ് ഇന്ന് ചാരമംഗലം ഗവ:ദുർഗ്ഗാ വിലാസം ഹയർസെക്കന്ററി സ്കൂൾ എന്ന പേരിൽ പ്രസിദ്ധിയാർജ്ജിച്ചിരിക്കുന്നത്.2 ഏക്കർ 79 സെന്റ് സ്ഥലത്താണ് സ്കൂൾ സ്ഥിതിചെയ്യുന്നത്.

1980 ൽ ഇതിനെ ഹൈസ്കൂൾ ആയും,1998 ൽ ഹയർസെക്കന്ററി സ്കൂൾ ആയും ഉയർത്തിയപ്പോൾ കുറ്റവേലി നിവാസികൾക്ക് വിദ്യാഭ്യസത്തിനായി മറ്റൊരു സ്ഥലത്തെ ആശ്രയിക്കേണ്ടതില്ലാതായി. ബാലാരിഷ്ടതകളിൽ ഉഴറിയിരുന്ന ഈ സ്കൂൾ നാട്ടുകാരുടേയും ഗവൺമെന്റിന്റെയും നിർല്ലോഭമായ സഹകരണത്തോടെ ജില്ലയിലെതന്നെ മികച്ച ഹയർസെക്കന്ററി സ്കൂൾ ആയി മാറിക്കഴിഞ്ഞു. കഞ്ഞിക്കുഴി പഞ്ചായത്തിലെ ഏക ഹയർസെക്കന്ററി സ്കൂൾ ആയ ഈ സ്കൂളിൽ എൽ.പി,യു.പി,എച്ച്.എസ്,എച്ച്.എസ്.എസ്,വിഭാഗങ്ങളിലായി 1600 ഓളം കുട്ടികൾ ഇന്ന് പഠിച്ചുകൊണ്ടിരിക്കുന്നു. ഇനിയും പുതിയ കോഴ്സുകൾ ലഭിച്ച് ഉന്നതിയിൽ നിന്നും ഉന്നതിയിലേയ്ക്ക് നമ്മുടെ സ്കൂൾ വളരും എന്ന് നമുക്ക് പ്രത്യാശിക്കാം.

## മഹത് വചനങ്ങൾ



*മനുഷ്യൻ ഏറ്റവും കൂടുതൽ സത്യം പറയുന്നത് ക്ഷോഭിക്കുമ്പോഴും, ഏറ്റവും കൂടുതൽ കള്ളം പറയുന്നത് സ്നേഹിക്കുമ്പോഴും ആണ്.

-ഷിജിൽ ദാമോദരൻ

*ഞാൻ ഒരു പടയാളിയാണ്. സമാധാനത്തിന്റെ പടയാളി.

-ഗാന്ധിജി

*ഏതു ജോലിയും വിശുദ്ധമാണ്.

-ടാഗോർ

*" നമ്മൾ ലോകത്തെ സ്നേഹിച്ചു തുടങ്ങുമ്പോൾ ജിവിച്ചു തുടങ്ങുന്നു"

-ടാഗോർ

*"പ്രണയം കീഴടക്കുന്നതിലല്ല , സ്വാതന്ത്ര്യം നൽകുന്നതിലാണ് "

-ടാഗോർ

*" എത്ര കാലമായി അറിയാം എന്നതിലല്ല സൗഹൃദത്തിന്റെ ആഴം"

-ടാഗോർ

*ഭാവനയുടെ പ്രതിഫലനമാണ് കവിത-ഷെല്ലി

- ആര്യനന്ദന.എസ് 8B

# അറിയാമോ



➢ 1000 വർഷം കഴിഞ്ഞാലും ശുദ്ധമായ തേനിന് ഒരു കേടും സംഭവിക്കില്ല!!

➢ സൂര്യന് ചുറ്റും ഒരു തവണ വലംവയ്ക്കാൻ എടുക്കുന്നതിനേക്കാൾ സമയം വേണം ബുധന് ഒരു തവണ സ്വയം കറങ്ങാൻ!!

➢ അന്യഗ്രഹജീവികളെ തേടിയുള്ള അന്വേഷണത്തിന് ഒരു പേരു പറയും -


സെർച്ച് ഫോർ എക്സ്ട്ര ടെറസ്ട്രിയൽ ഇന്റലിജൻസ് അഥവാ -

**SETI !!**

➢ ബി .എം .ഡബ്ല്യു കാറുകളുടെ പ്രത്യേകതയാണ് ബോണറ്റിനു മുന്നിൽ ചേർന്നിരിക്കുന്ന രണ്ട് ഗ്രില്ലുകൾ. വൃക്കകൾ ചേർന്നിരിക്കുന്നതുപോലുള്ളതിനാൽ അവയെ "കിഡ്നി ഗ്രിൽ എന്നാണ് അറിയപ്പെടുന്നത്!!

- ഒരു എലിക്ക് മനുഷ്യനെക്കാൾ കൂടുതൽ എല്ലുകളുണ്ട്!!
- ജിറാഫുകൾക്ക് ശബ്ദമില്ല!!
- പ്രാവുകളുടെ എല്ലുകൾക്ക് അതിന്റെ ചിറകുകളെക്കാൾ ഭാരം കുറവാണ്.
- ചില കിഴക്കൻ എഷ്യൻ രാജ്യങ്ങളിൽ നാല് എന്ന അക്കം നിർഭാഗ്യം കൊണ്ട് വരും എന്നൊരു വിശ്വാസമുണ്ട്. നാലിനോടുള്ള ഈ പേടിക്ക് ഒരു പേരു പറയും-ടെട്രാഫോബിയ!!
- പതിനഞ്ചാം നൂറ്റാണ്ടിൽ ഇറ്റലിയിൽ വെച്ച് എഴുതപ്പെട്ട വൊയ്നിച്ച് മാനുസ്ക്രിപ്റ്റ് എന്തിനെക്കുറിച്ചാണെന്നൊ ഏതു ഭാഷയിലുള്ളതാണെന്നൊ ഇതുവരെ തിരിട്ടറിഞ്ഞിട്ടില്ല!!
- പുൽച്ചാടിയുടെ രക്തത്തിനു വെള്ള നിറമാണ്!!

-അരുണിമ.എസ്സ് . 9A






# സ്നേഹ കനി

ഇലതന്റെ ചുണ്ടിലായി
പൂതന്റെ തണ്ടിലായി
ഇറ്റിറ്റുവീഴും സ്നേഹം മഴയായിമാറുന്നു
ഇലതന്റെ പൂവിനായി അനുരാഗം നീട്ടും നേരം
ഇലയോ അതു സങ്കടത്താൽ തളിർനിറമൊഴിയുന്നു
ഒട്ടുവിലായാ പൂവോ അവളോ
മണ്ണിനായ് അലിഞ്ഞുചേർന്നു
ഒരു കായോ സമ്മാനിച്ചവളിലയെപിരിയുന്നു.

➢ – ഭവ്യ ബ്രിജിത്ത്-STD IX A



# മണിയോഡറുകൾ






വിധവയായൊരു സ്ത്രീ
വളരെകഷ്ടപ്പെട്ടാണ്
ജീവിച്ചിരുന്നത് ഇവർക്ക്
ഒരു മകൻ മാത്രമെ ഉണ്ടായിരുന്നുള്ളൂ. ജീവിതം വളരെ
ദാരിദ്രത്തിലായിരുന്നെങ്കിലും അവർക്ക് വിദ്യാഭ്യാസത്തിന്റെ പ്രധാന്യം
അറിയാമായിരുന്നു.

അതുകൊണ്ട് തന്നെ അവർ പകലന്തിയോളം കഷ്ടപ്പെട്ട് മകനെ പഠിപ്പിച്ചു. മകന് ഉയർന്ന ജോലി ലഭിക്കുകയും അതിനാൽ തന്നെ ആവശ്യത്തിലധികം പണം ശമ്പളമായി വാങ്ങിയിരുന്നു. കാലക്രമേണ വർണ്ണത്തിളപ്പിന്റെ ലോകം ആ മകനെയും മാറ്റി മറിച്ചു. അമ്മയുടെ പ്രതീക്ഷകൾ വിഫലമാക്കിക്കൊണ്ട് മകൻ വിദേശത്തേയ്ക്കു കുതിച്ചു. ഇരുപത്തിയഞ്ചു വർഷങ്ങളായി മനസ്സിൽ നിലനിന്നിരുന്ന മാതൃ സ്നേഹം വിദേശത്തിന്റെ ആഡംബര ജീവിതത്തിൽ ലയിച്ചു. അമ്മ എല്ലാമായിരുന്ന ആ കുട്ടിക്ക് അമ്മ പിന്നെ ആരുമല്ലാതായി. മകൻ എന്ന കടമയുടെ പേരിൽ മണിയോടറുകൾ അമ്മയ്ക്ക് അയച്ചിരുന്നു. മകന്റെ സാമീപ്യം ആഗ്രഹിച്ച അമ്മയ്ക്ക് ഏകാന്തതയുടെ ചുറ്റപാടിൽ വിഷാദരോഗങ്ങളും ഭവിച്ച . വാർദ്ധക്യം അവരുടെ ജീവിതമെടുത്തു. അപ്പോഴും ആ മണിയോടറുകൾ മാത്രം കുമിഞ്ഞുകൂട്ടുന്നുണ്ടായിരുന്നു.

*മാളവിക പി.ബി IX C*

# THOUGHTS OF ABDUL KALAM



- “Black colour is sentimentaly bad but, every black boards makes the student’s life bright”

- The best brain of the nation may be found on the last benches of the class room”

- Don’t read success stories, you will only get message. Read failure stories , you will get some ideas to get success”

- “umbrella can’t stop the rain but can make us stand in rain. Confidence may not bring success but give us power to face any challenge in life”

- “Success is when your signature changes to Autograph”

- “If you want to shine like a sun First burn like a sun”


- **“Confidence and hard work is the best medicine to kill the disease called failure .It will make you successful person...”**

- **“All birds find shelter during a rain. But eagle avoids rain by flying above the clouds . Problems are common, but attitude makes the difference”**

- **“One best book is equal to hundred good friends  but one good friend is equal to a library..”**

- **“What hurts you today ,makes you  stronger tomorrow”**

-ATHIRA.S std IX A





## മതത്തിനപ്പുറം

മതത്തിനപ്പുറം മനുഷ്യനായ് നമുക്ക് മാറാം

മഞ്ഞും മരങ്ങളും പൊയ്കയും


പൊങ്ങുന്ന സൂര്യനും ചന്ദ്രനും

കാണാൻ കഴിയുന്നതൊക്കെയും നമ്മുക്ക്കാണാം

കിളിനാദത്താൽ ചിരിമുഴക്കീടാം

മതത്തിനപ്പുറം മനുഷ്യനായ് നമുക്ക് മാറാം

**Malavika.P.B STD 9C**





# കാലവർഷത്തിന്റെ ഓർമ്മകൾ

പുറത്ത് ആർത്തലച്ച് പെയ്യുന്ന മഴയെ നോക്കി ചാരുകസേരയിലിരിക്കുകയായിരുന്നു അയാൾ. ഓടിന്റെ പുറത്ത് വീഴുന്ന ഓരോ തുള്ളികളും നിർവികാരതയോടെ തന്റെ ഹൃദയത്തിലേക്ക് വീഴുന്നതായി അയാൾക്കു തോന്നി. ചുറ്റും കൂരിരുട്ട്. നല്ല തണുപ്പ്. കർക്കിടത്തിന്റെ മാരിപെയ്ത്താവും,ഏകാകിയായ അയാളെ മറ്റെന്തിലേക്കോ തിരിച്ചുവിട്ടത്.

ഇങ്ങനയൊരു മഴയുള്ള ദിവസമായിരുന്നു,താൻ അന്നും ഇങ്ങനെ ഏകാകിയായിരുന്ന ദിവസം. കുടയുമെടുത്ത് പ്രതീക്ഷിക്കാതെ റോഡിലൂടെ നടന്നു. റോഡിൽ അങ്ങനെ വണ്ടിയൊന്നുമില്ല. നടന്നു നടന്ന് തന്റെ പതിവുദൂരം വരെയെത്തി. യാദൃശ്ചികമായിട്ടാണ് ഒരു ശബ്ദം കാതിൽ വന്നു പതിച്ചത്.

“ഏയ് ഒന്നു നിൽക്കു നല്ല മഴയാണ്. മഴപെയ്യുമെന്ന് പ്രതീക്ഷിച്ചില്ല. ഞാൻ കുട കൊണ്ടുവരാൻ മറന്നു. വിരോധമില്ലെങ്കിൽ എന്നെ ഒന്നു വീടുവരെ ആക്കുമോ?”

അടുത്ത ബസ്സ്റ്റോപ്പിൽ നിൽക്കുകയായിരുന്ന ഒരു പെൺ കുട്ടിയെ അപ്പോഴാണു ഞാൻ ശ്രദ്ധിച്ചത്. മഴത്തുള്ളികളാൽ അവളുടെ മുടി നനഞ്ഞിരുന്നു. ശരീരത്തോട് അവൾ ധരിച്ചിരുന്ന വസ്ത്രം പറ്റിച്ചേർന്നു കിടപ്പുണ്ടായിരുന്നു. വളരെ വിനയത്തോടെ ഞാൻ പറഞ്ഞു "അതിനു കുട്ടിയുടെ വീട് എനിക്കറിയില്ലല്ലോ."

"സാറിന്റെ വീട്ടിലേക്കു പോകുന്ന വഴിയാ എന്റെ വീട്" പെട്ടന്നാണ് ഉത്തരം വന്നത്. "ശരി വരൂ......"എന്റെ കയ്യിലിരുന്ന കുട അവൾക്കു നീട്ടി. ആദ്യമൊക്കെ അകന്നുനടന്നിരുന്ന രണ്ടുപേരും മഴയുടെ ശക്തി വർദ്ധിച്ചുവന്നതിനാൽ അടുത്തു നടന്നു. "ഞാൻ......ഓ ർക്കുന്നില്ല എവിടുത്തയാ കുട്ടി?"

"സാറിനു പറഞ്ഞാൽ അറിയും,എന്റെ അച്ഛനും സാറും തമ്മിൽ അത്ര സ്വരചേർച്ചയിലല്ല.""മനസ്സിലായി.......എന്നാൽ പേര് ഞാൻ..... ആ ഓർക്കുന്നു.ഗായത്രി.....അതേ ഗായത്രി." "ഉം..."" എന്നെ കുട്ടിക്കു മനസ്സിലായോ?എന്റെ പേര്"" ആ എനിക്കറിയാം.....പേരും ജോലിയുമെല്ലാം."

വീടിന്റെ വാതിൽക്കൽ എത്തിയപ്പോൾ അവൾ അകത്തേക്കു നടന്നു. കുറച്ചുചെന്ന് എന്നെ തിരിഞ്ഞുനോക്കി. അങ്ങനെ അപ്രതീക്ഷിതമായി തുടങ്ങിയ ആ സൗഹൃദം വളർന്നു........

സൗഹൃദത്തിനപ്പുറം പരസ്പരം തിരിച്ചറിഞ്ഞപ്പോഴോ ഒരുമിച്ച ജീവിക്കുവാൻ തീരുമാനമെടുത്തു. രണ്ടു കുടുംബക്കാരുടേയും എതിർപ്പും അവഗണനയും ഏറ്റുവാങ്ങി അവസാനം കുറച്ച സുഹൃത്തുക്കളുടെ മുന്നിൽവച്ച് ആ വിവാഹം നടന്നു. അന്ന് ആദ്യമായാണ് ഗായത്രിയുടെ

കൈപിടിച്ച് ഈ വീടിന്റെ പടികടന്നെത്തുന്നത്. പിന്നീടെപ്പഴോ വീട് വിൽക്കാൻ പോകുന്നെന്നറിഞ്ഞ് സ്വന്തമായി ഈ വീടും സ്ഥലവും ഞാൻ മേടിച്ചു.

സന്തോഷത്തോടെ കുടുംബജീവിതം കടന്നുപോയി.രണ്ടുവർഷങ്ങൾക്കു ശേഷം സന്തോഷത്തിന് നിറം വരുത്തിക്കൊണ്ട് ഞങ്ങൾക്ക് രണ്ടു മക്കളുണ്ടായി. അവരുടെ കളിചിരികൾക്കൊണ്ട് ദിവസങ്ങൾ കടന്നുപോയി ഒപ്പം ഞങ്ങളുടെ പ്രായവും.ഇന്നെല്ലാം വെറും ജീവനുള്ള ഓർമ്മകൾ മാത്രം. ജീവിതത്തിലെങ്ങോ ഞങ്ങളുടെ സന്തോഷത്തിന് ഭംഗി നഷ്ടപ്പെട്ടത് ഗായത്രിയുടെ മരണ ശേഷമാണ്.

ഇന്നു മക്കൾ വലുതായി,രണ്ടുപേരേയും പഠിപ്പിച്ചു,വിവാഹം കഴിപ്പിച്ചു. സന്തോഷത്തോടെ വാർധക്യം ആഘോഷിക്കുകയാണ് ഞാൻ. ജീവിതത്തിൽ താൻ എവിടെയെങ്കിലും എത്തിയിട്ടുണ്ടെങ്കിൽ അത് ഗായത്രി തന്റെ ജീവിതത്തിൽ കടന്നു വന്നതിനു ശേഷമാണ്.ആകെ മാറാലപിടിച്ചുകിടന്നിരുന്ന തന്റെ മനസ്സ് സ്നേഹവും കരുതലും കൊണ്ട് വൃത്തിയാക്കിയത് ഗായത്രിയാണ്.

ഗായത്രിയുടെ ഫോട്ടോയുടെ മുന്നിലിരുന്നു. അയാളുടെ കണ്ണിലൂടെ കണ്ണീർ ഒലിച്ചിറങ്ങുന്നുണ്ടായിരുന്നു. അച്ഛാ......എന്താ ഇങ്ങനെ പുറത്തേയ്ക്കൊക്കെ ഇടക്കൊന്നിറങ്ങണം. അപ്പോൾ അച്ഛന്റെ മനസ്സിലെ വിഷമമൊക്കെ മാറും. മകളുടെ ഉപദേശം ചിന്തയുടെ യാത്രയിൽ നിന്ന് അയാളെ ഉണർത്തി. ശരിയാണ് മകൾ പറഞ്ഞത്. ഗായത്രി പോയതിനു

ശേഷം എന്റെ പുറം സഞ്ചാരങ്ങൾ കുറഞ്ഞവരുകയാണ്. "അച്ഛൻ ഇങ്ങനെയിരിക്കാതെ ഞാൻ അത്താഴം എടുത്തുവയ്ക്കാം വാ....."
"ഉം.... നീ ചെല്ല്. കുറച്ചുനേരം കൂടി അയാൾ അവിടെ ഇരുന്നു. എന്നിട്ട് എണീറ്റ് മേശമേൽ ചെന്നിരുന്നു." "ഗായത്രി ഭക്ഷണമായില്ലേ?" വൃദ്ധന്റെ ചോദ്യം കേട്ട് മകൾ അടുക്കളയിൽ നിന്നു വന്നു. "അച്ഛനിതെന്താ പറ്റിയേ..... ഏതുനേരവും അമ്മയുടെ വിചാരാ......" അച്ഛനു ഭക്ഷണം വിളമ്പുന്നതിനിടെ മകൾ പറഞ്ഞു. ഭക്ഷണ ശേഷം വൃദ്ധൻ മുറിയിൽ ചെന്നു. തന്റെ പ്രിയ ഭാര്യയുടെ ഓർമ്മയുറങ്ങുന്ന മുറിയാണത്. വൃദ്ധൻ അടുക്കളയിലേക്ക് വിളിച്ച് പറഞ്ഞു, "ഗായത്രി.......താൻ ഇതെന്താ കിടക്കാൻ ഉദ്ദേശിച്ചിട്ടില്ലേ? സമയമെത്രയായിന്നാവിചാരം" അടുക്കളയിൽ നിന്ന് മകൾ വന്നു. "എന്താ അച്ഛാ....പറഞ്ഞത്." "ഏയ് ഒന്നുല്ല ,മോൾ പൊയ്ക്കോ." രാത്രി ഉറങ്ങുന്നേരംവരെ ഗായത്രിയുടെ ഓർമകൾ അയാളെ മറ്റേതൊക്കയോ ലോകത്തേക്ക് കൂട്ടിക്കൊണ്ടുപോയി.

രാവിലെ ഉണർന്നെണീറ്റ ഉടൻ വൃദ്ധൻ വിളിച്ച് പറഞ്ഞു, "ഗായത്രീ.....ചായ കൊണ്ടു വാ........" മോള് ചായകൊണ്ടുക്കൊടുത്തു ഞാൻ ഇന്ന് വീട്ടിലേക്ക് പോവാണ്. അവിടെ ഏട്ടനും കുട്ടികളും മാത്രമേ ഉള്ളൂ. "ഒരു മാസമായില്ലേ....വന്നിട്ട്." "ഉം...മോള് പൊയ്ക്കോ....അവനുണ്ടല്ലോ ഇവിടെ." വൃദ്ധൻ വീണ്ടും ചിന്തയിലാണ്ടു. അന്ന് ആ മഴയിൽ താൻ ഗായത്രി തന്റെ കുടക്കീഴിലേക്കു മാത്രമല്ല തന്റെ ജീവിതത്തിലേക്കുകൂടിയാണ് കൈപിടിച്ചു കയറ്റിയത്. ജീവിതത്തിൽ നഷ്ടമെന്തന്ന് താൻ അനുഭവിച്ചറിഞ്ഞത് ഗായത്രിയുടെ വേർപാടിനുശഷമാണ്.

"ആ....താൻ ഇന്ന് നേരത്തെ ഹോസ്സ്പിറ്റലിൽ നിന്ന് പോന്നോ....." "ആ അതേ ചെറിയൊരു തലവേദന,ഒന്ന് കിടക്കട്ടെ."അവളുടെ മറുപടി. ജീവിതത്തിൽ എത്ര കാലവർഷം ഞാൻ കണ്ടിട്ടുണ്ട്, എന്നാൽ അന്ന് ആ രാത്രിയിൽ താൻ അനുഭവിച്ച സന്തോഷവും മറ്റൊരു കാലവർഷവും തനിക്കു സമ്മാനിച്ചിട്ടില്ല. ഇന്ന് ഈ മനോഹരനിമിഷത്തിൽ ജീവിതത്തിൽ ഏകാന്തനായതിന്റെ സന്തോഷം ഞാൻ അനുഭവിക്കുന്നു. കാലം ഞങ്ങൾക്കു വീണ്ടുമൊരു കാലവർഷം തന്നിരിക്കുന്നു. വീണ്ടും ഗായത്രിയേയും ചേർത്തുപിടിച്ച് വിജനമായ വഴിയിലൂടെ ഒരു കുടയിൽ പരസ്പരം അറിയാത്തവരെപ്പോലെ ലക്ഷ്യമില്ലാതെ ഞാൻ നടന്നു.........

എന്നിലേക്ക് സന്തോഷത്തിന്റെയും കരുതലിന്റെയും ഇരുകരങ്ങൾപ്പോലെ മഴത്തുള്ളികൾ വീണുകൊണ്ടിരുന്നു. ശാന്തമായ കാറ്റ് വീണ്ടും ഗായത്രിയുടെ മുടിയിഴകളെ തഴുകുന്നുണ്ടായിരുന്നു............ എന്തിനോവേണ്ടി....................

**Neha.S.Lalji** std:9.B



# WEBSITES FOR EDUCATION

**“INTERNET IS BECOMING THE TOWN SQUARE FOR THE GLOBAL VILLAGE OF TOMORROW” -BILL GATES**

**1.https://en.wikipedia.org/wiki/main_Page**

**Wikipedia is a free open content online encyclopedia created through the collaborative effort of a community of users known as Wikipedia.**

**2.http://nptel.ac.in/**

**NPTEL(National Programme on Technology Enhanced Learning), provides e-learning through online Web and Video courses in Engineering, Science, Technology, Management and humanities.**

**3.http://www.khanacademy.org/**

**Khan Academy is a non- profit educational organisation that provides free video tutorials and interactive exercise.**

**4. http://ocw.mit.edu/index.htm**

**MIT Open Courses Ware(MIT OCW) is an initiative of the Massachusetts Institute of Technology(MIT) to put all of the educational materials from its undergraduate and graduate-level courses online, freely and openly available to anyone, anywhere.**

**5. http://www.coursera.org/**

**Coursera is an educational technology company that offers massive open online courses(MOOCs).**

**6. http;//www.quora.com/**

**Quoro ( Question and Answer site) is a social networking site where people can ask questions & get answers.**

**Prepared BY  SIVANI S , IX A**

# അക്ഷരങ്ങൾ വാക്കുകൾ



മൃദുലമീ പുസ്തകതാളിൽ കുറിക്കുന്ന

അക്ഷരങ്ങൾക്കിന്നെന്തു ഭംഗി

അക്ഷരത്തോണിയിൽ ഉലകം ചുറ്റുവാൻ

മോഹം മനസ്സിൽ കടലുപോല

അക്ഷരമാകുന്ന അക്ഷരത്തോണിയിൽ

സഞ്ചരിക്കുന്നു ഞാൻ ലോകമെങ്ങും

ഇനിയീ യാത്രയിൽ മുന്നോട്ടു പോകുവാൻ

പങ്കായം ഒന്നിനിവേണമല്ലോ

വാക്യങ്ങൾ കൊണ്ടൊരു പങ്കായം തീർത്തു-

ഞാൻ

വാക്കുകളാകുന്ന സാഗരത്തിൽ

എവിടേക്കുതുഴയണമെന്നറിയില്ല അനന്തമാം

അറിവിന്റെ ലോകമെൻ മുന്നിലുണ്ട്


കരയേക്കാൾ ജലമേറെയുള്ളൊരീ ഭൂമിയിൽ

ഇരുജന്മം തീരാത്തൊരറിവുമുണ്ട്


അറിവിന്റെ ലോകമതെത്രമേൽ അനന്തമാ-

ണിന്നെൻ യാത്ര തുടങ്ങുന്നു ഞാൻ

*-ഭവ്യ ബ്രിജിത്ത് STD IX A*



# മിണ്ടാച്ചെന്നായ്



തമിഴ് - മലയാള എഴുത്തുകാരൻ ജയമോഹൻ സമീപകാലത്തെഴുതിയ നോവലാണ് 'മിണ്ടാ ച്ചെന്നായ് '. അധിനിവേശ ചരിത്രം പലതവണ ആവർത്തിച്ച് സാന്ദ്രമാക്കിയ ഒരുതുള്ളി ആഖ്യാനമാണ് ഈ ചെറുനോവൽ എന്ന് പിൻകുറിപ്പിൽ ടി പി രാജീവൻ. മിണ്ടാച്ചെന്നായ് പലപ്പോഴും സക്കറിയയുടെ 'ഭാസ്കര പട്ടേലരും എന്റെ ജീവിതവും 'എന്ന കൃതിയെ ഒർമ്മയിലേക്ക് ആനയിക്കും. വിധേയത്വവും ഹിംസാവാസനയും സ്വാതന്ത്ര്യ വാഞ്ഛയും സഹനവും തുടങ്ങിയ മനുഷ്യപ്രകൃതങ്ങളെ അധിനിവേശ ചരിത്ര ഭൂമിയിൽ നിന്നുകൊണ്ട് കാടിന്റെ വന്യതയിലേക്ക് വിലയിപ്പിക്കുകയാണ് എഴുത്തുകാരൻ.ഇന്ത്യയുടെ കോളനിയിൽ ചരിത്രഘട്ടം എത്രമേൽ ഹിംസാത്മകം ആയിരുന്നുവെന്നും വിധേയത്വത്തിന്റെ മിണ്ടാ ചെന്നായ്ക്കളായി ഒരു ജനത കഴിഞ്ഞുകൂടിയിരിക്കാമെന്നും നോവലിസ്റ്റ് ആന്തരിക പാഠം നിർമിക്കുന്നു. ഇരയുടെ മാനസിക വേപഥു പലകുറി സാഹിത്യം പ്രകാശിപ്പിച്ചിട്ടുണ്ട്. എന്നാൽ വേട്ടക്കാരന്റെ ആന്തരിക വൈരുധ്യങ്ങളെ ആഴമേറിയ മനശാസ്ത്ര സൂക്ഷമതയിൽ കണ്ടെടുത്തിട്ടുള്ള കലാ സൃഷ്ടി അപൂർവം. നായാട്ട് എന്ന

പറഞ്ഞാൽ തേടുന്നതും കാത്തിരിക്കുന്നതുമാണ്. കൊന്നു കഴിഞ്ഞാൽ നായാട്ടു തീർന്നു. മൃഗം എപ്പോഴും മരണത്തിലൂടെ മനുഷ്യനെ ജയിക്കുന്നു. മനുഷ്യൻ, മൃഗം എന്ന സംജ്ഞകൾക്കപ്പുറത്ത് വേട്ടയുടെയും ഇര ജീവിതത്തിന്റെയും ആന്തരിക വൈരുധ്യങ്ങളും രാഷ്ട്രീയ ധ്വനികളും കടന്നു വരുന്നു.

സഹനം കൊണ്ടും നിർമ്മമത്വം കൊണ്ടും ഒരു ഭരണകൂടത്തെ എങ്ങനെ വിറളി പിടിപ്പിക്കാമെന്ന് പയറ്റിയത് ഗാന്ധിജിയാണ്. ഈ കൃതിയിലെ സായിപ്പിന്റെ കാനന സഹചാരിയായ മൂകനായ കഥാപാത്രം മൗനം കൊണ്ട് പ്രതിരോധവും സഹനം കൊണ്ട് പ്രതികാരവും പ്രകടിപ്പിക്കുന്നു. വേട്ടക്കാരനെ കുറ്റബോധത്താൽ അപമാനവീകരിക്കുന്നു ; തളർത്തുന്നു!

മനുഷ്യാനുഭവങ്ങൾ ചിന്നം വിളിച്ച് കാടിളക്കി വരുന്നത് ജയമോഹന്റെ നഗ്നവും ജൈവികവുമായ ഭാഷയിലൂടെയാണ്.വേട്ട, ഇര എന്നീ ജീവിതാവസ്ഥകളുടെ മറുപിറവി കാണിച്ചു തന്ന ഈ നോവലാണ് എന്റെ വായനയിലെ കാലിക മുദ്ര.

**-ഡെൽസൺ സ്കറിയ HSST ,*CHARAMANGALAM***

# എന്തുകൊണ്ട് ജീവിക്കുന്നു.............



മനുഷ്യർ എന്തുകൊണ്ട് ജീവിക്കുന്നു എന്ന പേരിൽ ടോൾസ്റ്റോയ് എഴുതിയ അതിമനോഹരമായ കഥയുണ്ട്. റഷ്യയിലെ ഒരു ഗ്രാമത്തിലുള്ള ചെരുപ്പുകുത്തിയുടെയും കുടുംബത്തിന്റെയും ആ കുടുംബത്തിലേക്ക് അവിചാരിതമായി വന്നെത്തുന്ന ഒരു അപരിചിതന്റെയും കഥ. ശൈത്യകാലത്ത് തണുപ്പിൽ നിന്നും രക്ഷപ്പെടാൻ ഒരു പുതപ്പ് വാങ്ങാനായി കുറെ നാളായി സ്വരൂപിച്ച കാശുമായി ചെരുപ്പുകുത്തി പുതപ്പ് വിൽപനക്കാരന്റെ അടുത്തേക്ക് പോവുന്നു. പക്ഷേ, കാശ് തികയാത്തതിനാൽ അയാൾ ചെരുപ്പുകുത്തിക്ക് പുതപ്പ് നൽകാൻ തയ്യാറയില്ല. ആ നിരാശയിൽ ചെരുപ്പുകുത്തി വരുന്ന വഴിക്ക് കള്ള് ഷാപ്പിൽ കയറി മദ്യപിക്കുന്നു. വോഡ്ക പകർന്നു നൽകിയ ചൂടിൽ വീട്ടിലേക്ക് തിരിച്ചു നടക്കുമ്പോൾ വഴിയിലുള്ള ഒരു കപ്പേളയുടെ മുന്നിൽ ചെരുപ്പുകുത്തി ആ വിചിത്ര ദൃശ്യം കാണുന്നു.

ഒരു ചെറുപ്പക്കാരൻ പൂർണ്ണ നഗ്നനായി കപ്പേളയ്ക്ക് മുന്നിൽ കിടക്കുന്നു. പേടി മൂലം ചെരുപ്പുകുത്തി ആ ചെറുപ്പക്കാരന്റെ അടുത്തേക്ക് പോയില്ല. അയാൾ വീട്ടിലേക്ക് തിടുക്കത്തിൽ നടന്നു. പക്ഷേ, അപ്പോൾ പൊടുന്നനെ അയാളിൽ ഒരു ചോദ്യമുയർന്നു. ആ ചെറുപ്പക്കാരൻ എങ്ങിനെയാണ് നഗ്നനായത്. അയാൾ ചിലപ്പോൾ വിശപ്പ് മൂലം മരിച്ചു പോയേക്കാം. ദരിദ്രനായ തന്നെ ആ ചെറുപ്പക്കാരൻ എന്തായാലും കൊള്ളയടിക്കാനൊന്നും പോകുന്നില്ല. ചെരുപ്പുകുത്തി തിരിച്ചു നടന്നു.

ആ ചെറുപ്പക്കാരന് തന്റെ കോട്ടൂരിക്കൊടുത്തു. എന്നിട്ട് അയാളെയും കൂട്ടി വീട്ടിലേക്ക് നടന്നു.

ഭർത്താവ് പുതപ്പുമായി വരുന്നതും കാത്തിരുന്ന ചെരുപ്പുകുത്തിയുടെ ഭാര്യ കണ്ടത് ഭർത്താവ് വേറൊരു ദാരിദ്ര്യവാസിയെയും കൂട്ടി വരുന്നതാണ്. കൈയ്യിലുണ്ടായ കാശിന് കള്ളും കുടിച്ച് ഒരു അലവലാതിയെയും കൂട്ടി വരുന്ന ഭർത്താവിനോട് അവർക്ക് വല്ലാത്ത വെറുപ്പ് തോന്നി. വീട്ടിൽ ആകെയുള്ള ഒരു കഷ്ണം അപ്പം അവരെടുത്ത് മാറ്റിവെച്ചു. അടുത്ത രണ്ടു ദിവസമെങ്കിലും

കുടുംബത്തിന് വിശപ്പടക്കാനുള്ള അപ്പമാണിത്. വഴിയിൽ കിടക്കുന്ന തെണ്ടികളെയൊക്കെ വീട്ടിൽ കൊണ്ടുവന്നാൽ അവർക്കൊന്നും വെച്ച് വിളമ്പിക്കൊടുക്കാൻ ഇവിടെയൊന്നുമില്ലെന്ന് പറഞ്ഞ് അവർ ഭർത്താവിനോട് ചൂടായി.

ചെരുപ്പുകുത്തി ഒന്നും മിണ്ടിയില്ല. കൂടെ വന്ന ചെറുപ്പക്കാരനും ഒന്നും പറഞ്ഞില്ല. പക്ഷേ, അപ്പോൾ ചെരുപ്പുകുത്തിയുടെ ഭാര്യയുടെ ഉള്ളിൽ ആ ചെറുപ്പക്കാരനോട് ദയ തോന്നി. ചിലപ്പോൾ അയാൾ നല്ലവനായിരിക്കും. ദിവസങ്ങളോളം അയാൾ ഒന്നും കഴിച്ചിട്ടുണ്ടാവില്ല. അവർ പെട്ടെന്ന് കുറച്ച് സൂപ്പുണ്ടാക്കി. അപ്പക്കഷ്ണവും സൂപ്പും അവർ വിളമ്പവെ ആ ചെറുപ്പക്കാരൻ അവരുടെ നേർക്ക് നോക്കി പുഞ്ചിരിച്ചു.

ചെറുപ്പക്കാരൻ ചെരുപ്പുകുത്തിയുടെ വീട്ടിൽ തന്നെ താമസം തുടർന്നു. ചെരുപ്പുകുത്തുന്ന പണി അയാൾ വേഗം പഠിച്ചു. അയാൾ തീർക്കുന്ന ചെരുപ്പുകളുടെ ഖ്യാതി ഗ്രാമത്തിനപ്പുറത്തേക്കും പരന്നു. ചെറുപ്പക്കാരൻ പക്ഷേ, വളരെക്കുറച്ചേ

സംസാരിക്കുകയുള്ളു. ഏൽപിക്കുന്ന പണി ചെയ്യും . വീട്ടിനുള്ളിൽ നിന്ന് പുറത്തിറങ്ങുന്നത് അപൂർവ്വം. അങ്ങിനെയിരിക്കെ ഒരു ദിവസം പുറത്ത് കുതിരകൾ വന്നു നിൽക്കുന്ന ശബ്ദം കേട്ട് ചെരുപ്പ്കുത്തി പുറത്തിറങ്ങി. കുതിര വണ്ടിയിൽ നിന്ന് പ്രഭുവിനെപോലെ തോന്നിക്കുന്ന ഒരാൾ പുറത്തിറങ്ങി. അയാളുടെ പിന്നാലെ ഒരു പൊതിയുമായി ഭൃത്യനും. ഭൃത്യൻ പൊതിയഴിച്ച് ചെരുപ്പ്കുത്തിക്ക് മുന്നിൽ വെച്ചു. '' 20 റൂബിൾ വിലയുള്ള തുകലാണിത്. ജർമ്മനിയിൽ നിന്നും കൊണ്ടുവന്നത്. ഇതുകൊണ്ട് എന്റെ കാലുകൾക്ക് പറ്റിയ മനോഹരമായ ബൂട്ടുകൾ പണിയണം. എന്തെങ്കിലും പാകപിഴയുണ്ടായാൽ നിന്റെ ശിഷ്ടജീവിതം ജയിലിലായിരിക്കും. '' പ്രഭു അട്ടഹസിച്ചു.

ചെരുപ്പുകുത്തി പേടിച്ച് വിറച്ച് ചെറുപ്പക്കാരനെ വിളിച്ചു. ചെറുപ്പക്കാരൻ പ്രഭുവിന് മുന്നിൽ വന്ന് നിന്ന് കാലിന്റെ അളവെടുക്കാൻ തുടങ്ങി. അപ്പോൾ അയാൾ പ്രഭുവിന്റെ പിന്നിലേക്ക് നോക്കി. അവിടെ നിൽക്കുന്ന വേറെ ആരെയോ അയാൾ സസൂക്ഷ്മം നോക്കുന്നതുപോലെയാണ് ചെരുപ്പുകുത്തിക്ക് തോന്നിയത്. പൊടുന്നനെ ചെറുപ്പക്കാരൻ പ്രഭുവിന്റെ മുഖത്തുനോക്കി ചിരിച്ചു. '' ബൂട്ടുകൾ നന്നായില്ലെങ്കിൽ നിന്റെ ഈ ചിരി പിന്നെയുണ്ടാവില്ല. '' പ്രഭു ഒന്നുകൂടി അട്ടഹസിച്ചിട്ട് കുതിരവണ്ടിയിൽ കയറിപ്പോയി.

വിശേഷപ്പെട്ട തുകൽ ചെറുപ്പക്കാരൻ എന്താണ് ചെയ്യുന്നതെന്ന് നോക്കിയ ചെരുപ്പുകുത്തി ഞെട്ടിപ്പോയി. ബൂട്ടുണ്ടാക്കുന്നതിനു പകരം സാധാരണ ചെരുപ്പുകളാണ് ചെറുപ്പക്കാരൻ ഉണ്ടാക്കിയിരിക്കുന്നത്. പ്രഭു ബൂട്ടു വാങ്ങാൻ

വരുന്നതോടെ തന്റെ കഥ കഴിഞ്ഞെന്ന് ചെരുപ്പുകുത്തി തീർച്ചയാക്കി. നീ എന്തുപണിയാണീ ചെയ്തതെന്ന് ചെരുപ്പുകുത്തി ചോദിച്ചപ്പോൾ ചെറുപ്പക്കാരൻ ഒന്നും മിണ്ടിയില്ല. കുറച്ചു കഴിഞ്ഞപ്പോൾ വാതിൽക്കൽ ആരോ മുട്ടുന്നതുപോലെ തോന്നി. ചെരുപ്പുകുത്തി വാതിൽ തുറന്നു. മുന്നിൽ പ്രഭുവിന്റെ ഭൃത്യൻ. '' യജമാനത്തി പറഞ്ഞതനുസരിച്ചാണ് ഞാൻ വന്നിരിക്കുന്നത്. പ്രഭുവിന് ബൂട്ടുകൾ ആവശ്യമില്ല. ഇവിടെ നിന്നും പോകുന്ന വഴി അദ്ദേഹം മരിച്ചുപോയി. ഇനിയിപ്പോൾ മരിച്ചവർ ധരിക്കുന്ന സാധാരണ ചെരുപ്പ് മാത്രം മതി. '' ചെരുപ്പുകുത്തി ചെറുപ്പക്കാരനെ അതിശയത്തോടെ നോക്കി. അയാൾ ആ ചെരുപ്പുകൾ പൊതിഞ്ഞെടുത്ത് ഭൃത്യന് കൈമാറി.

ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ ഒരു സ്ത്രീയും രണ്ട് പെൺകുട്ടികളും ചെരുപ്പുകുത്തിയെത്തേടി വന്നു. ഇരട്ടക്കുട്ടികൾ. ഒരു പെൺകുട്ടിയുടെ കാലിന് ചെറിയ മുടന്തുണ്ട്. മകളുടെ കാലിനെന്തുപറ്റിയെന്ന് ചെരുപ്പുകുത്തി സ്ത്രീയോട് ചോദിച്ചു. '' എന്റെ മക്കളല്ല ഇവർ. പക്ഷേ, ഇവരെ ഞാനാണ് വളർത്തുന്നത്. ഇവർ എനിക്ക് മക്കളെപ്പോലെ തന്നെയാണ്. '' സ്ത്രീ പറഞ്ഞു. അപ്പോൾ ചെറുപ്പക്കാരൻ അത്യധികം ശ്രദ്ധയോടെ ആ കുട്ടികളെ നോക്കി. ചെരുപ്പുകുത്തി നോക്കുമ്പോൾ ചെറുപ്പക്കാരൻ പുഞ്ചിരിക്കുന്നു.

തന്റെ വീടിനടുത്തുള്ള ഒരു കുടുംബത്തിലേതാണ് ഈ കുട്ടികളെന്നും കുട്ടികളുടെ അമ്മയും പിതാവും മരിച്ചതുകാരണം താനാണ് ഈ കുട്ടികളെ വളർത്തുന്നതെന്നും സ്ത്രീ പറഞ്ഞു. ചെറുപ്പക്കാരൻ കുട്ടികളുടെ കാലിന്റെ

അളവെടുത്തു. കുട്ടികളും സ്ത്രീയും തിരിച്ചുപോയി. അടുത്ത ദിവസം ചെറുപ്പക്കാരൻ ചെരുപ്പുകുത്തിയുടെ അടുത്തുവന്നിട്ട് പറഞ്ഞു. '' ദൈവം എന്നോട് ക്ഷമിച്ചിരിക്കുന്നു. ഞാൻ തിരിച്ചുപോവുകയാണ്. ''

ചെരുപ്പുകുത്തി ചെറുപ്പക്കാരനോട് പറഞ്ഞു. '' നിങ്ങൾ സാധാരണക്കാരനല്ലെന്ന് എനിക്കറിയാം. നിങ്ങളെ ഇവിടെ പിടിച്ചുനിർത്താനാവില്ലെന്നും എനിക്കറിയാം. പക്ഷേ, ഒരു ചോദ്യത്തിന് നിങ്ങൾ മറുപടി പറഞ്ഞാൽ ഉപകാരമാവുമായിരുന്നു. ഇവിടെ വന്ന ശേഷം മൂന്നേ മൂന്നു തവണയേ നിങ്ങൾ ചിരിച്ചിട്ടുള്ളൂ. ഭക്ഷണം വിളമ്പിതന്നപ്പോൾ എന്റെ ഭാര്യയുടെ നേർക്ക് നോക്കി നിങ്ങൾ ആദ്യം ചിരിച്ചു. രണ്ടാമത് നിങ്ങൾ ചിരിച്ചത് ആ പ്രഭു വന്നപ്പോഴാണ്. ആ സ്ത്രീയും കുട്ടികളും വന്നപ്പോൾ നിങ്ങൾ മൂന്നാം വട്ടം ചിരിച്ചു. എന്തുകൊണ്ടാണ് നിങ്ങൾ ചിരിച്ചത്. ''

'' നിങ്ങൾ പറഞ്ഞത് ശരിയാണ്. ഞാൻ സാധാരണക്കാരനല്ല. '' ചെറുപ്പക്കാരൻ പറഞ്ഞു'' ഞാൻ ഒരു മാലാഖയാണ്. ഒരു ദിവസം ദൈവം എന്നോട് ഭൂമിയിൽ പോയി ഒരു സ്ത്രീയുടെ ആത്മാവ് കൊണ്ടുവരാൻ പറഞ്ഞു. ഞാൻ സ്ത്രീയുടെ വീട്ടിലെത്തിയപ്പോൾ കണ്ട കാഴ്ച ദയനീയമായിരുന്നു. അവർ പ്രസവിച്ചിട്ട് അധികം സമയമായിട്ടുണ്ടായിരുന്നില്ല. രണ്ട് പെൺകുഞ്ഞുങ്ങൾ. എന്നെക്കണ്ടപ്പോൾ അവർക്ക് കാര്യം പിടികിട്ടി. തന്റെ ജിവനെടുക്കരുതെന്നും രണ്ടു ദിവസം മുമ്പാണ് തന്റെ ഭർത്താവ് മരിച്ചതെന്നും ഇപ്പോൾ താൻ കൂടി മരിച്ചാൽ ഈ കുട്ടികൾക്ക് വേറെയാരുമുണ്ടാവില്ലെന്നും പറഞ്ഞ് അവർ കരഞ്ഞു.

അവരുടെ കരച്ചിൽ കേട്ട് ഞാൻ തിരിച്ചുപോയി. സ്ത്രീയുടെ ജീവൻ എടുക്കാതെ വന്നതിന് ദൈവം എന്നെ ശാസിച്ചു. തിരിച്ചുപോയി അവരുടെ ജീവൻ എടുത്തിട്ട് വരാൻ ദൈവം പറഞ്ഞു. എന്നിട്ട് ദൈവം ഒരു കാര്യം കൂടി പറഞ്ഞു. മനുഷ്യർ ജീവിക്കുന്നത് എന്തുകൊണ്ടാണെന്ന് നീ മനസ്സിലാക്കണം. അതിന് നീ കുറച്ചു നാൾ ഭൂമിയിൽ താമസിക്കണം. ഞാൻ ഭൂമിയിലേക്ക് പോയി ആ സ്ത്രീയുടെ ജീവനെടുത്തു. പക്ഷേ, അവരുടെ ജീവനുമായി തിരിച്ച് പറക്കുമ്പോൾ എന്റെ കൈയ്യിൽ നിന്നും അവരുടെ ആത്മാവ് തനിയെ മുകളിലേക്ക് പോയി . ആരോ തള്ളിയിട്ടതുപോലെ ഞാൻ നിങ്ങളുടെ വീടിനടുത്തുള്ള കപ്പേളയുടെ മുന്നിൽ വന്നുവീഴുകയും ചെയ്തു. അവിടെ ഞാൻ കിടക്കുമ്പോൾ നിങ്ങൾ ദയ തോന്നി എന്ന വീട്ടിലേക്ക് കൊണ്ടുപോയി. വീട്ടിൽ നിങ്ങളുടെ ഭാര്യ ആദ്യം വഴക്കു പറഞ്ഞെങ്കിലും ദയ തോന്നി ഭക്ഷണം തന്നു. മനുഷ്യർ ജീവിക്കുന്നതിന്റെ ഒരു കാരണം ദയ ആണെന്ന് ദൈവം എന്നെ പഠിപ്പിക്കുകയായിരുന്നു. ആ തിരിച്ചറിവിലാണ് ഞാൻ നിങ്ങളുടെ ഭാര്യയുടെ മുഖത്തു നോക്കി ചിരിച്ചത്. പിന്നെ ഞാൻ ചിരിച്ചത് പ്രഭു വന്നപ്പോഴാണ്. പ്രഭു നിങ്ങളോട് അട്ടഹസിക്കുമ്പോൾ ഞാൻ ശ്രദ്ധിച്ചത് അയാളുടെ പിന്നിലുണ്ടായിരുന്ന മരണത്തിന്റെ മാലാഖയെയാണ്. പ്രഭു മരിക്കാൻ പോവുകയാണെന്ന് എനിക്ക് മനസ്സിലായി. അയാൾക്ക് ശരിക്കും വേണ്ടി വരിക ബൂട്ടുകളെല്ലന്നും മരിക്കുന്നവർ ഇടുന്ന ചെരുപ്പുകളാണെന്നും എനിക്ക് പിടി കിട്ടി. പക്ഷേ, അപ്പോഴും പ്രഭു ബൂട്ടുകളെക്കുറിച്ച് ഒച്ചവെക്കുകയായിരുന്നു. മനുഷ്യർക്ക് അവർക്ക് യഥാർത്ഥത്തിൽ വേണ്ടതെന്താണെന്ന് അറിയില്ലെന്നും

ആവശ്യമില്ലാത്ത കാര്യങ്ങൾക്ക് വേണ്ടിയാണ് പലപ്പോഴും അവർ ബഹളം വെയ്ക്കുന്നതെന്നും എനിക്ക് മനസ്സിലായി.


മൂന്നാമത് ഞാൻ ചിരിച്ചത് ആ പെൺകുട്ടികളെ കണ്ടപ്പോഴാണ്. ഇവരുടെ അമ്മയുടെ ജീവനാണ് ഞാൻ എടുത്തത്. ആ സ്ത്രീ മരിച്ചെങ്കിലും അവരുടെ കുഞ്ഞുങ്ങളെ തൊട്ടടുത്തുള്ള വീട്ടിലെ സ്ത്രീ എടുത്തു വളർത്തി. അവർക്ക് ഈ കുഞ്ഞുങ്ങളോട് കരുണയും സ്നേഹവുമുണ്ടായിരുന്നതുകൊണ്ടാണ് ഈ കുഞ്ഞുങ്ങൾ മരിക്കാതിരുന്നത്. ഒരാൾ മരിക്കുന്നത് കൊണ്ട് ലോകം അവസാനിക്കുന്നില്ലെന്നും ഈ ലോകത്ത് സ്നേഹമുള്ളിടത്തോളം കാലം മനുഷ്യർ ജിവിക്കുമെന്നുമാണ് ദൈവം എന്നെ പഠിപ്പിച്ചത്. സ്നേഹമാണ് ആത്യന്തികമായി ഭൂമിയിൽ മനുഷ്യ ജീവിതം സാദ്ധ്യമാക്കുന്നത്. ഇതും പറഞ്ഞ് ആ ചെറുപ്പക്കാരൻ മാലാഖയുടെ രൂപം പൂണ്ട് സ്വർഗ്ഗത്തിലേക്ക് തിരിച്ചുപോയി.

ജീവിതത്തിന്റെ പൊരുളിനെക്കുറിച്ച് ഇത്രയും മനോഹരമായും ഹൃദയാവർജ്ജകമായും അധികം പേർ എഴുതിയിട്ടുണ്ടെന്ന് തോന്നുന്നില്ല. അനുതാപത്തെക്കറിച്ചും കാരുണ്യത്തെക്കുറിച്ചും സ്നേഹത്തെക്കുറിച്ചുമാണ് ടോൾസ്റ്റോയ് എഴുതിയത്( കഥയുടെ സൗന്ദര്യം അറിയണമെങ്കിൽ കഥ പൂർണ്ണമായും വായിക്കണം. കഥയുടെ ചുരുക്കം മാത്രമാണിവിടെ കൊടുത്തിരിക്കുന്നത്) . ശബ്ദമില്ലാത്തവരുടെ ശബ്ദവും കാഴ്ചയില്ലാത്തവരുടെ കാഴ്ചയുമാവണം നാമോരുത്തരും. ഈ അനുതാപവും കാരുണ്യവും സ്നേഹവും വാക്കുകളിലും പ്രവൃത്തികളിലും നിറയട്ടെ..

ടോൾസ്റ്റോയ് പറഞ്ഞതുപോലെ ഈ ഭൂമിയിൽ നമ്മൾ ജീവിക്കുന്നത് കാരുണ്യവും സ്നേഹവും ഇനിയും ഇവിടെ ഉറവ വറ്റിയിട്ടില്ല എന്നതുകൊണ്ടുതന്നെയാണ്.

സെബാസ്റ്റ്യൻ റ്റി സി  H S T(ART)

അവലംബം  ;മനുഷ്യർ എന്തുകൊണ്ട് ജീവിക്കുന്നു  ; ടോൾസ്റ്റോയ്



# The Blue Sky



The sky is very beautiful
sky is my favourite
because of its blue colour
blue is my favourite colour
I love the sky, we love the sky
It has no end.
In the day time,
it will bright
In the night time,
In the night time,
it will be dark but the sky helps
the stars to be bright as a diamond.
We see the,
sun, moon and the stars
at the sky at day and night
The sky is very beautiful,
the blue sky.

- Bhavya Vinod STD VII:B

# ക്വിസ് വേൾഡ്



കേരളത്തിലെ ആദ്യത്തെ വനിത ഐ എ എസ് ഉദ്യോഗസ്ഥ ?-അന്ന

മൽഹോത്ര

കൊച്ചി നഗരത്തിലെ വെള്ളക്കെട്ട് നീക്കം ചെയ്യാൻ ആരംഭിച്ച ഓപ്പറേഷൻ?-

ഓപ്പറേഷൻ ബ്രേക്ക്ത്രൂ

കേരത്തിലെ തീരദേശ ദൈർഘ്യം ?

-580 km

കേരളത്തിലെ ഔദ്യോഗിക ഫലമായ ചക്കയുടെ ശാസ്ത്ര നാമം?

Arthocarpus Heterophelus

തിരുവിതാംകൂറിലെ ജൊവാൻ ഓഫ് ആർക്ക് എന്നറിയപ്പെടുന്നത്?

അക്കമ്മ ചെറിയാൻ

കേരളത്തിന്റെ ഭക്ഷ്യകമ്മീഷന്റെ ആദ്യത്തെ ചെയർമാൻ?

കെ വി മോഹൻകുമാർ

കേരളത്തിൽ ബ്രഹ്മസമാജത്തിന്റെ ആദ്യത്തെ ശാഖ സ്ഥാപിച്ചതെവിടെ ?

കോഴിക്കോട്

ഏഷ്യയിലെ തന്നെ ആദ്യത്തെ ആയുർവേദ സ്പോർട്സ് ആശുപത്രിയായ കേരള

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ്

ആയുർവേദ ആൻഡ് റിസർച്ച് എവിടെയാണ്?

തൃശ്ശൂർ

കേരള നിയമസഭയുടെ ചരിത്രത്തിൽ വിശ്വാസപ്രമേയം അവതരിപ്പിച്ച ഏക

മുഖ്യമന്ത്രി ആര്?

സി.അച്ച്യുതമേനോൻ

ഉത്തര കേരളത്തിന്റെ പാടുന്ന പടവാൾ എന്നറിയപ്പെടുന്നതാര്?

സുബ്രമണ്യൻ തിരുമുമ്പ്

ഇന്ത്യയുടെ ഭൂവിസ്തൃതിയുടെ എത്ര ശതമാനമാണ് കേരളം?

- 1.18%

കേരളത്തിലെ ഏക കന്റോൺമെന്റ്?

- കണ്ണൂർ

ഇന്ത്യയിലെ സാക്ഷരതയിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന സംസ്ഥാനം?

- കേരളം

*സപ്തഭാഷാസംഗമ ഭൂമി എന്നറിയപ്പെടുന്ന ജില്ല?*

*- കാസർഗോഡ്*

*രണ്ട് സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന ഏക ജില്ല?*

*- വയനാട്*

*കേരളത്തിൽ സ്ഫടിക മണൽ കാണപ്പെടുന്ന പ്രദേശം?*

*- ചേർത്തല (ആലപ്പുഴ)*

*നെൽ കർഷകർ ഇഷ്ടപ്പെടുന്ന രോഗം?*

*- ലക്ഷ്മി രോഗം*

*കേരളത്തിലെ കാറ്റിൽ നിന്ന് വൈദ്യുതി ഉണ്ടാക്കുന്ന നിലയം?*

*-കഞ്ചിക്കോട്*

*കേരളത്തിലെ ഏക പ്രകൃതിദത്ത തുറമുഖം?*

*- കൊച്ചി*

*പുന്നപ്ര വയലാർ സമരം നടന്ന വർഷം ?*

*- 1946*

*കേരള നിയമസഭാമണ്ഡലം രൂപ കൽപന ചെയ്തത്?*

*-സർ സി.പി രാമസ്വാമി അയ്യർ*

ക്ഷേത്ര പ്രവേശന വിളംബരം നടന്ന വർഷം?

- 1936 നവംബർ 12

വേലുത്തമ്പി ദളവയുടെ യഥാർത്ഥ പേര്?

- വേലായുധൻ ചെമ്പകരാമൻപിള്ള

കേരളത്തിൽ പിടിയരി സമ്പ്രദായം വിഭാവനം ചെയ്തത്?

- ചാവറ കുര്യാക്കോസ് ഏലിയാസ്

SNDP യുടെ ആദ്യത്തെ സെക്രട്ടറി ?

-കുമാരനാശാൻ

മുല്ലപ്പെരിയാർ അണക്കെട്ട് ഉദ്ഘാടനം ചെയ്ത വർഷം?

-1895

സ്വദേശാഭിമാനി പത്രം ആരംഭിച്ചത്?

-വക്കം മൗലവി

തിരുവിതാംകൂർ സന്ദർശിച്ച ആദ്യത്തെ ബ്രിട്ടീഷ് വൈസ്രോയി ?

- കഴ്സൺ പ്രഭു

കേരളത്തിൽ സ്വർണ്ണ നിക്ഷേപം കാണപ്പെടുന്ന പ്രദേശം?

-നീലേശ്വരം

കേരളത്തിലെ ആദ്യത്തെ ലൈറ്റ് ഹൗസ്?

- തങ്കശ്ശേരി ലൈറ്റ് ഹൗസ്

നിയുക്ത കേരളഗവർണ്ണർ  ആരാണ്?

- ആരീഫ് മുഹമ്മദ് ഖാൻ

ആരീഫ് മുഹമ്മദ് ഖാൻ ഏതു സംസ്ഥാനത്തുനിന്നുള്ളയാളാണ്?

- ഉത്തർപ്രദേശ്

ആദ്യമായി ടെലിഫോൺ സംഭാഷണം നടത്തിയ മലയാളി ?

- തകഴി ശിവശങ്കരപ്പിള്ള

കേരളത്തിന്റെ ഔദ്യോഗിക പക്ഷിയായ മലമുഴക്കി വേഴമ്പലിന്റെ

ശാസ്ത്രീയനാമം?

- ബുസെറോസ് ബൈക്കോർണീസ്

പ്രതിരോദനത്തിന്റെ ദിനങ്ങൾ എന്ന പുസ്തകം എഴുതിയത്?

- കെ.കെ . ഷൈലജ

ബജറ്റ് ആദ്യമായി

അവതരിപ്പിച്ചത്?

- മാർത്താണ്ഡവർമ്മ

*'ഒന്നേകാൽ കോടി മലയാളികൾക്ക്' ആരുടെ കൃതിയാണ്?*

*-ഇ എം എസ് നമ്പൂതിരിപ്പാട്*

***KITE*** *ന്റെ ഉടമസ്ഥതയിലുള്ള ചാനൽ ?*

***-Victers***

***അമ്പാടി.വി XB***

# BODY ALSO SPEAKS



## "YOUR EXPRESSION IS THE MOST IMPORTANT OF ALL THE THINGS YOU WEAR"

**Features of Body Language**

**1. Posture**

**2. Facial expression**

**3.Eye contact**

**4.Gesture**

**Tips for Great Body Language**

**1. Smile**

**2. Don't Cross Your Arms**

**3. Make Good Eye Contact**

**4. Keep your body pointed vertically toward your guest**

5. Nod at key points

Prepared by Allen Jacob George STD IX A



# മാതൃ സ്നേഹം

അമ്മ മാലാഖയെപ്പോലെ

എന്നെ താലോലിക്കും നേരം

എൻ മനസ്സിൽ സ്നേഹത്തിൻ

നാമ്പുകൾ വിരിയുന്നു.

ഒരുനാളും വേദനിപ്പിക്കില്ല

എൻ അമ്മയെ.....

വേദനിപ്പിക്കില്ലാ......

-സ്നേഹ മോൾ VII:B

# ക്രിസ്തുമസ്



ഒരു ക്രിസ്തുമസിന്റെ തലേദിവസം രാത്രി ബെന്നിനും അമ്മുവിനും ഉറക്കം ഇല്ല. അവരുടെ മാതാപിതാക്കൾ അപ്പോഴേക്കും ഉറക്കത്തിൽ ആണ്ടുപോയി. ബെന്നും അമ്മുവും പുറത്തേക്കിറങ്ങി. ബെൻ ഒരു അത്ഭുത കാഴ്ചകണ്ടു. ഒരു വാൽ നക്ഷത്രം! അവൻ അവന്റെ ആഗ്രഹം പറയാൻ തുടങ്ങുന്നതിനു മുൻ പുതന്നെ അവരുടെ അമ്മ വിളിച്ചു. "അമ്മൂ, ബെൻ," അവർ അമ്മയുടെ അടുത്തേക്കുവന്നു. അവർ അമ്മയോട് കൊഞ്ചിക്കൊണ്ട് പറഞ്ഞു. "അമ്മേ, ഞങ്ങൾക്ക് ഉറക്കം വരുന്നില്ല. ഞങ്ങൾക്ക് ഒരുകഥ പറഞ്ഞു തരുമോ?" "ഇല്ല. എനിക്ക് ഉറക്കം വരുന്നുണ്ട്. നിങ്ങൾ ക്രിസ്തുവിനെ പ്രാർത്ഥിച്ച് കിടക്കു, നാളെ ക്രിസ്തുമസിനുള്ള ഒരുക്കങ്ങൾചെയ്യണം." അവർ ക്രിസ്തുവിനെ പ്രാർത്ഥിച്ച് ഉറങ്ങി. പിറ്റേന്ന്, ക്രിസ്തുമസ്

ദിനത്തിൽ അതിരാവിലെ ഉണർന്നു. മനോഹരമായ വസ്ത്രങ്ങൾ ധരിച്ചു. ക്രിസ്തുമസിനുള്ള ഒരുക്കങ്ങൾ ചെയ്തു. വളരെ സന്തോഷത്തോടെ ആ ദിവസം കടന്നു പോയി . വൈകുന്നേരമായപ്പോൾ സാന്താക്ലോസിന്റെ മുഖംമൂടി അണിഞ്ഞ് കുറേപ്പേർ വന്നിരുന്നു. പിറ്റേന്ന് രാവിലെയായെന്ന് അമ്മുവിന് വിശ്വസിക്കാൻ കഴിയുന്നില്ല. അവൾ കഴിഞ്ഞ ക്രിസ്തുമസ് ദിനങ്ങളെ ഓർമ്മിച്ചുകൊണ്ടിരുന്നു. ഇനി വരുന്നതിനുവേണ്ടിയും കാത്തിരുന്നു. ഓരോ ക്രിസ്തുമസും അവൾക്ക് സ്വർഗ്ഗമായിരുന്നു. അവൾക്ക് ഏറ്റവും ഇഷ്ടമുള്ള ഉത്സവം ആയിരുന്നു അത്. ഇത്രയും സമ്മാനങ്ങൾ, ഇത്രയും സന്തോഷം.

- ഹരികീർത്തന. എസ്.V: A



# EMPATHY



**E-Everybody needs somebody**

**M- Model and mirror**

**P- Put yourself in their shoes**

**A-Ask if you can help**

**T-Treat others the way you  want to be treated**

**H-Hurtful or helpful**

**Y-You feel better and they feel better**

**SREELEKSHMI A S. STD IX A**

# അമ്മ മലയാളം

മലയാളമാണെന്റെ മാതൃഭാഷ

മലയാളമെന്നുമെൻ മാതൃഭാഷ

ഞാനാദ്യമായ് ചൊല്ലിയതമ്മയെന്ന്

ചൊല്ലിക്കരഞ്ഞത് അച്ഛനെന്ന്

എൻ ജയം എന്നുമെൻ മാതൃഭാഷ

ഭാഷയിൽ ശ്രേഷ്ഠമെൻ പൊൻമലയാളം

പ്രകൃതിയിൽ നല്ലതെൻ കേരളനാട്

എൻ ജീവനെന്നും എന്റെ നാട്

- ഗൗരി നന്ദന .ബി V:C



# Self Confidence

**"WITHOUT YOUR INVOLVEMENT YOU CAN'T SUCCEED, WITHOUT YOUR INVOLVEMENT YOU CAN'T FAIL"**
**APJ ABDUL KALAM**

**Stay positive believe in your self**

**Think And act confidently**

**Learn from your mistakes**

**Be competitive**

**Get know yourself**

**Live with principles**

**Empower your self with knowledge**

**Have great aim**

**Don't be critic yourself**

**Don't expect to be successful for the first time**

**Don't be afraid to seek help**

**Don't have negative thoughts**

**Don't feel inferior**

**BY . RIYA ANTONY STD IX A**

# ഇന്ത്യ



## പ്രധാന പർവതങ്ങൾ

ഹിമാലയം,പാട്കായ്,വിന്ധ്യ സത്പുര,ആരവല്ലി,പൂർവ്വഘട്ടം,സഹ്യാദ്രി.

## പ്രധാന നദികൾ

ഗംഗ,ബ്രഹ്മപുത്ര,മഹാനദി,ഗോദാവരി,കൃഷ്ണ,കാവേരി,സിന്ധു,യമുന,നർമ്മദ,താപ്തി,

സത് ലജ്.

## അതിരുകൾ

വടക്ക്-നേപ്പാൾ,ഭൂട്ടാൻ,ചൈന,ഹിമാലയം.

തെക്ക്-ഇന്ത്യാ സമുദ്രം.

കിഴക്ക്-ബംഗ്ലാദേശ്,ബംഗാൾ ഉൾക്കടൽ.

പടിഞ്ഞാറ്-അറബിക്കടൽ,പാക്കിസ്ഥാൻ,അഫ്ഘാനിസ്ഥാൻ.

## നാഷണൽ പാർക്കുകൾ

നാഗർഹോൾ നാഷണൽ പാർക്ക്-കൂർഗ്(കർണാടകം)

ഗിണ്ടി നാഷണൽ പാർക്ക്-ചെന്നൈ(തമിഴ്നാട്)

ഗിർ നാഷണൽ പാർക്ക്-ജുനഗഡ്(ഗുജറാത്ത്)

കൻഹാ നാഷണൽ പാർക്ക്-മാൻഡ്ല(മധ്യപ്രദേശ്)

ശിവ്പൂർ നാഷണൽ പാർക്ക്-മൈസൂർ(കർണാടകം)

ബന്നേർഗട്ട നാഷണൽ പാർക്ക്-ബാംഗ്ലൂർ(കർണാടകം)

വളവഡാർ നാഷണൽ പാർക്ക്-ഭാവ്നഗർ(ഗിജറാത്ത്)

ബോറിവല്ലി നാഷണൽ പാർക്ക്-മുംബൈ(മഹാരാഷ്ട്ര)

നവഗാഹ് നാഷണൽ പാർക്ക്-ബന്താര(മഹാരാഷ്ട്ര)

ടോഡോബ നാഷണൽ പാർക്ക്-ചന്ദ്രപൂർ(മഹാരാഷ്ട്ര)

**കാസിരംഗാ നാഷണൽ പാർക്ക്-ജോർഹറ്റ്(അസം)**

**കോർബറ്റ് നാഷണൽ പാർക്ക്-നൈനിറ്റാൾ(ഉത്തരാഞ്ചൽ)**

**ഹസാരിബാഗ് നാഷണൽ പാർക്ക്-ഹസാരിബാഗ്(ജാർഖണ്ഡ്)**

**ബെനൻജനഗാർഡ് നാഷണൽ പാർക്ക്-സാഹോൾ(മധ്യപ്രദേശ്)**

**ഇരവികുളം നാഷണൽ പാർക്ക്–ഇടുക്കി(കേരളം)**

**തയ്യാറാക്കിയത്         .....രാധേന്ദു എം ആർ IX B**



# വെളിപാട്

നീണ്ടനാളുകൾക്ക് ശേഷം
അയാൾ
മനസ്സില്ലാ മനസ്സോടെ വിദേശത്തു നിന്ന് നാട്ടിലേക്ക്എത്തി. പണം ആയിരുന്നു അയാളുടെ ഏക ലക്ഷ്യം.അത് ആവശ്യ- ത്തിനു പണമുണ്ടാക്കാനല്ല.അനാവശ്യത്തിനു പണമുണ്ടാക്കാ- നാണ്.ഇതിന്റെ തിരക്കിൽ ഒരു മുറിവീട്ടിൽ ഏന്തിവലിയുന്ന അമ്മയെ അയാൾ മറന്നുപോയിരിക്കാം.ഒരു സീരിയസ് മാറ്റർ ഉണ്ട് എന്ന് ഒരു നാട്ടുകാരൻ ഫോണിൽ വിളിച്ചുപറഞ്ഞതാണ് എന്താണെന്ന് അറിയില്ല.എങ്കിലും അയാൾനാട്ടിലെത്തി വീട്ടി- ലേക്കുള്ള ഇടവഴിയെ നടന്നു.

ആപുരയിടത്തിന്റെ
വേലികടന്നു വീട്ട്പടിക്കൽഎത്തി.ആ വീട് അയാളെ മറന്നു പോയിരുന്നു തികച്ചും അപരിചിതം.അയാൾ ആ വാതിൽകടന്നു, അവിടെയതാ അമ്മമരണവെപ്രാളത്തിലലയുന്നു.ചുറ്റും കുറെ സ്ത്രീകളും പിന്നെ പ്രത്യേകിച്ച് അമ്മയുടെ കാലിൽചേർന്നു കിടന്നു ശ്രുവിക്കുന്ന നായ.ഒരു മനുഷ്യന്റെ വികാരങ്ങൾ ആ നായയിൽ കാണാം.ആ കാഴ്ചയിൽനിന്ന് എന്തോ കപളിപാട്ടുണ്ടാ യി.ലജ്ജിച്ചു തലതാഴ്ത്തി ഒരിറ്റു കണ്ണിർ മനസ്സറിഞ്ഞ്മാപ്പുപറയാ- ൻ ചെന്നപോൾ ആ ജീവൻ ആത്മനഷ്ടപ്പെട്ടികുന്നു ആ നായ എന്തെന്നറിയാതെ ഓരിയിട്ടു.

**അദി ലക്ഷമി.ഡി IX B**

# അത്യാഗ്രഹിയായ മരുമക്കൾ



ഒരിടത്തൊരു ഒരു ഗ്രാമത്തിൽ രമേശനും കുടുംബവും താമസിച്ചിരുന്നു. രമേശന് മൂന്ന് ആൺമക്കൾ ഉണ്ടായിരുന്നു. അവർ വളരെ സന്തോഷത്തോടെ കഴിഞ്ഞു. ദിവസങ്ങൾ അങ്ങനെ കടന്നുപോയി. നാട്ടിൽ ഉത്സവം വന്നു. എല്ലാവരും ഉത്സവത്തിനുപോയി,രമേശനും മക്കളും പോയി. കുറച്ചുകഴിഞ്ഞപ്പോൾ രമേശന്റെ ഇളയ മകനെ കാണാതായി. അവർക്ക് എല്ലാവർക്കും സങ്കടമായി. പിന്നെ രമേശൻ രണ്ടു മക്കളെയും വളരെയധികം ശ്രദ്ധിക്കുമായിരുന്നു. അങ്ങനെ അവർ വളർന്നു വലുതായി. അവർക്ക്  നല്ല രണ്ടു കുടുംബത്തിലെ പെൺ കുട്ടികളെ കണ്ടെത്തി. അവരുടെ കല്ല്യാണം ആഡംബരമായി നടത്തി. ഭാര്യമാർ തമ്മിൽ എപ്പോഴും വഴക്കായിരുന്നു. ഞാൻ ചെയ്യുന്നതാണ് മികച്ചത് എന്ന തോന്നൽ രണ്ടുപേർക്കുമുണ്ടായി. അങ്ങനെ ഒരു ദിവസം രണ്ടു ഭാര്യമാരും പറഞ്ഞു നമുക്ക് വീടുമാറി താമസിക്കാമെന്ന്. അവസാനം അവർ രണ്ടുകൂട്ടരും വീടുമാറി പോയി. അപ്പോൾ രമേശൻ ചോദിച്ചു നിങ്ങളുടെ അമ്മ ജീവിച്ചിരുപ്പുണ്ട്,അത് മറക്കേണ്ട. പക്ഷെ അത് രണ്ട് കൂട്ടരും കേൾക്കാതെ വീടുവിട്ടിറങ്ങി. അമ്മയാണെങ്കിൽ ഉറക്കത്തിൽ മക്കളെ സ്വപ്നം കാണും. മക്കൾ എവിടെയെന്ന് ചോദിക്കും. അത് കാണുമ്പോൾ രമേശന് സങ്കടമാകും. ഒരു ദിവസം ആരോ ഒരാൾ വന്ന് വാതിലിൽ തട്ടി വിളിച്ചു, അത് ഒരു ചെറുപ്പക്കാരനായിരുന്നു. അവൻ ചോദിച്ചു, “ഇത് രമേശന്റെ വീട്

അല്ലേ?” അപ്പോൾ പറഞ്ഞു “അതെ ഞാൻ നിങ്ങളുടെ ഇളയമകൻ രാജു.” രമേശന് വളരെ സന്തോഷമായി. അവൻ ചേട്ടന്മാർ എന്തേ എന്നു ചോദിച്ചു, അപ്പോൾ അയാൾ നടന്ന കാര്യങ്ങൾ പറഞ്ഞു.

അപ്പോൾ രാജുവിന് ഒരു ബുദ്ധി തോന്നി, അവൻ രണ്ടു കുടുംബത്തിനും കത്ത് എഴുതി.  അമ്മയേയും അച്ഛനേയും നന്നായി പരിചരണം ചെയ്തു. കുറച്ചു ദിവസങ്ങൾ കഴിഞ്ഞു. അവർ സ്വത്ത് വീതം വയ്ക്കുന്നതിന്റെ കാര്യം രമേശനോട് സംസാരിച്ചു. അപ്പോൾ രമേശൻ പറഞ്ഞു, “ഞാൻ സ്വത്തെല്ലാം ഇളയമകനായ രാജുവിന് എഴുതിക്കൊടുത്തു.” അപ്പോൾ മരുമക്കൾ പറഞ്ഞു, “അപ്പോൾ കത്ത് എഴുതി ഞങ്ങൾക്ക് തന്നത് രാജുവിന്റെ ബുദ്ധിയായിരുന്നു അല്ലേ?” അവനാണ് ഞങ്ങളെ നോക്കിയത്, അത് പറഞ്ഞതു കാരണം രണ്ടു ഭാര്യമാർക്കും വളരെ നാണക്കേടായി. അങ്ങനെ പിന്നെ അവർ രമേശനേയും അമ്മയേയും നോക്കി. ഇതിൽ നിന്നു മനസ്സിലാക്കേണ്ടത് ഒരിക്കലും അത്യാഗ്രഹം പാടില്ല എന്നാണ്.

**Amrutha Rajeesh** *std:5.B*



## MOTHER

**My Mother my sweat heart**

**She is my great dream**

**She is all in my life**

**She is my first teacher in my life**

**She is my heart**


**I will not forget my mother**


She is my best Friend


*Ayana Prasad std VIII B*


# ചിത്രജാലകം





Nandana K.B
7:B



VII B


Bhavya Vinod VII B



Ananya Krishna
STD:7B



HELEN MARY
IX:A






ATHIRA.S.
IX:A







By
Godwin
VIII-C


Abhirami. R
VI : A


Abhina. p. B
V. B


THANK YOU
AURDINO UNO
GOVT.DVHSS,CHARAMANGALAM